**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 119** **22-02-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി പോലീസ് സ്റ്റേഷനോട് അനുബന്ധിച്ചുള്ള പോലീസ് ക്വാർട്ടേഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കടുത്തുരുത്തി പോലീസ് സ്റ്റേഷനോട് അനുബന്ധിച്ച് നിലവിലുള്ള പോലീസ് ക്വാർട്ടേഴ്സുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) | 15-ാം ധനകാര്യ കമ്മീഷൻ അവാർഡിനായി സംസ്ഥാന പോലീസ് മേധാവി കേന്ദ്ര സർക്കാരിനയച്ച പ്രൊപ്പോസലിൽ 4570 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളും 735 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസലും ഉൾപ്പെടുന്നു. പ്രസ്തുത പ്രൊപ്പോസലിൽ കടുത്തുരുത്തിയിലെ 12 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളും ഉൾപ്പെട്ടിട്ടുള്ളതാണ്. |
| (ബി) | കടുത്തുരുത്തിയിലുള്ള പോലീസ് ക്വാട്ടേഴ്സിന്റെ ശോച്യാവസ്ഥയും അസൗകര്യങ്ങളും വിവിധ കെട്ടിടങ്ങളുടെ അപകട സ്ഥിതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കടുത്തുരുത്തി സർക്കിൾ ഓഫീസിനോട് ചേർന്നുള്ള വിസ്തൃതമായ സ്ഥലസൗകര്യം പ്രയോജനപ്പെടുത്തി പോലീസുകാർക്ക് താമസിക്കാൻ ഉപകരിക്കുന്ന വിധത്തിൽ പുതിയ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ ; ഇക്കാര്യം പരിശോധിച്ച് പ്രോജക്ട് തയ്യാറാക്കുന്നതിന് പോലീസ് ഹൗസിംഗ് സൊസൈറ്റിയേയോ മറ്റേതങ്കിലും സർക്കാർ ഏജൻസിയെയോ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | സംസ്ഥാന പോലീസ് മേധാവി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ കടുത്തുരുത്തിയിലെ 12 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളും ഉൾപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ